## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3196** **24-02-2016-ൽ മറുപടിയ്ക്ക്**

**അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാർക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കൽ**

| | ചോദ്യം<br><br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ചെറുകിട ലോട്ടറി വിൽപ്പനക്കാരായ അന്ധരും വികലാംഗരും ഉൾപ്പെടെയുള്ളവർ സർവ്വീസ് ടാക്സ് നൽകണമെന്ന പുതിയ വ്യവസ്ഥ അംഗപരിമിതരായ ലോട്ടറി വിൽപ്പന ക്കാരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സേവനനികുതി പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ ഒരു പ്രത്യേക വിഭാഗക്കാരെ മാത്രമായി സേവനനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് കഴിയില്ല. |
| (ബി) | പ്രധാന ലോട്ടറി ഏജന്റുമാർക്ക് പഴയ നിരക്കിൽ തന്നെയാണ് ടിക്കറ്റുകൾ നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അംഗപരിമിതർ ഉൾപ്പെടെയുള്ളവർക്ക് ഏർപ്പെടുത്തിയ സർവ്വീസ് ടാക്സ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ലോട്ടറി ടിക്കറ്റ് വിൽപ്പനയിന്മേലുള്ള ഡിസ്കൗണ്ടിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. എല്ലാ ലോട്ടറി ഏജന്റുമാരിൽ നിന്നും ടിക്കറ്റുകളുടെ മൊത്തം മുഖവിലയുടെ 1.5% സേവനനികുതിയായി ഈടാക്കുന്നുണ്ട്. സേവനനികുതി എന്നത് കേന്ദ്രസർക്കാർ നയമായതിനാൽ നിലവിലെ സാഹചര്യത്തിൽ ഒരു പ്രത്യേക വിഭാഗക്കാർക്ക് മാത്രമായി ഇത് ഒഴിവാക്കാനാകില്ല. |
| (സി) | അംഗപരിമിതരായ ലോട്ടറി വിൽപ്പന ക്കാർക്കായി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാരുടെ ഉപയോഗത്തിനായി വേണ്ട മാറ്റങ്ങൾ വരുത്തിയ സ്കൂട്ടർ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. |

Jeyn

**സെക്ഷൻ ഓഫീസർ.**